**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4450** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. വൈദ്യുതി ബില്ലിന് പുറമേ ഉപഭോക്താക്കളിൽ നിന്നും അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നതിന്റെ മാനദണ്ഡവും നിരക്കും വ്യക്തമാക്കുമോ; | (എ) | ഈടാക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 67-ാം ചട്ടം പ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽതുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ ഉപഭോഗം മുപ്പത് യൂണിറ്റ് കവിയാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതില്ല എന്നും 67-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.<br><br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 73-ാം ചട്ടപ്രകാരം സാമ്പത്തിക വർഷത്തിന്റെയും ആദ്യ പാദത്തിൽ തൊട്ടു മുൻ വർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്ന് വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള പലിശ സഹിതം അടുത്ത രണ്ട് ബില്ലിനുള്ളിൽ ഉപഭോക്താവിനു കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ള പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യം വരുന്ന തുക ഈടാക്കാനും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 73-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഇനത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ എത്ര തുക ഈടാക്കിയിട്ടുണ്ട്; പ്രസ്തുത തുക ഏത് ആവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഇനത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ 1545.14 കോടി രൂപ ഈടാക്കിയിട്ടുണ്ട്. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുക ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. |
| (സി) | ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിനോടൊപ്പം അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് കൂടി ഉൾപ്പെടുത്തി ഉയർന്ന തുകയുടെ ബിൽ നൽകുന്നതിനാൽ സാധാരണക്കാർക്ക് ബിൽ അടയ്ക്കാൻ സാധിക്കാതെ വരികയും വൈദ്യുതി വിച്ഛേദിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് അടയ്ക്കുന്നതിന് തവണകൾ ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അത് അനുവദിക്കാറുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഓൺലൈനായി ബില്ലടയ്ക്കുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ പ്രത്യേകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റിനുള്ള ബിൽ സാധാരണ പ്രത്യേക നോട്ടീസായി ഉപഭോക്താക്കൾക്ക് മീറ്റർ റീഡർമാർ വഴി നൽകുന്നുണ്ട്. എന്നാൽ പി.ഡി.എ വഴി നൽകുന്ന വൈദ്യുതി ബില്ലിൽ അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള തുകയാണ് നിലവിൽ കാണിക്കുന്നത്. എന്നിരുന്നാലും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് മാത്രമായി ഓൺലൈനിലും അടയ്ക്കാൻ സാധിക്കുന്നതാണ്. ഓൺലൈനായി ബില്ലടയ്ക്കുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ പ്രത്യേകം നൽകുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ